എ-3659/2016.

A3/4210/16
27/05/16

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
കണ്ണൂർ ഡിവിഷൻ,
കണ്ണോത്തുംചാൽ, താണ-670012
☎ ഓഫീസ് : 0497-2704808
ഇ-മെയിൽ: dfo-knr.for@kerala.gov.in

തീയ്യതി: 20.9.2016.

പ്രേഷകൻ

സുനീൽ പമിഡി ഐ.എഫ്.എസ്.
ഡപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

സ്വീകർത്താവ്

സെക്രട്ടറി,
കോളയാട് ഗ്രാമ പഞ്ചായത്ത്,
പി.ഒ.കോളയാട്, കണ്ണൂർ ജില്ല - 670650.

സർ,

വിഷയം : കോളയാട് ഗ്രാമ പഞ്ചായത്തിലെ കൊമ്മേരി -കുഞ്ഞിംവീട് കോളനി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി - സംബന്ധിച്ച്.

സൂചന : (1) താങ്കളുടെ എ3/3381/15 തീയ്യതി 5.7.2016 ലെ കത്ത്.
(2) റെയിഞ്ച് ആഫീസർ, കൊട്ടിയൂരിന്റെ ബി-1076/16 തീയ്യതി 3.9.2016 ലെ റിപ്പോർട്ട്.

.............

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം സമർപ്പിച്ച വനാവകാശ നിയമം 2006 അനുസരിച്ചുള്ള കൊമ്മേരി - കുഞ്ഞിംവീട് കോളനി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ പരിശോധിച്ച് റെയിഞ്ച് ആഫീസർ, കൊട്ടിയൂർ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

താങ്കളുടെ അപേക്ഷ പരിശോധിച്ച റെയിഞ്ച് ആഫീസർ, കൊട്ടിയൂർ ടി കുഞ്ഞിംവീട് കോളനി പട്ടയം ലഭിച്ച റവന്യൂഭൂമിയിലാണ് സ്ഥിതി ചെയ്യുന്നതെന്നും ഇവർക്ക് വനാവകാശ നിയമം അനുസരിച്ച് ഭൂമിയൊന്നും അനുവദിച്ച് കിട്ടിയിട്ടില്ലെന്നും വനാവകാശ നിയമം അനുശാസിക്കുംവിധം ഈ കോളനി നിവാസികൾക്ക് വകുപ്പ് 3(2) പ്രകാരമുള്ള വികസനാവകാശങ്ങൾക്ക് അവകാശമില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ നിലവിൽ താങ്കൾ സമർപ്പിച്ച വനാവകാശ നിയമം 2006ന് കീഴിലുള്ള അപേക്ഷയ്ക്ക് പകരം 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന് കീഴിൽ റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ അനുമതിക്കുള്ള അപേക്ഷ തയ്യാറാക്കി ആയത് ഇതിനായുള്ള വെബ് പോർട്ടലായ www.forestclearance.nic.in എന്നതിൽ ആവശ്യമായ അനുബന്ധരേഖകൾ സഹിതം സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ താങ്കളുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമുള്ളൂവെന്ന വിവരം അറിയിക്കുന്നു.

ഉള്ളടക്കം: അപേക്ഷ.

വിശ്വസ്തതയോടെ,

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് വേണ്ടി.

പകർപ്പ് കൊട്ടിയൂർ റെയിഞ്ച് ആഫീസർക്ക് അറിവിനായി അയക്കുന്നു.